പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1829 — 17/03/2015 ൽ മറുപടിയ്ക്ക്

ദുരിതാശ്വാസ സഹായം സനിതമോൾ നല്കിയ അപേക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം. ആരിഫ് | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായത്തിനായി ശ്രീമതി സനിതമോൾ, വെളുത്തേടത്ത്, അരൂർ, ചേർത്തല എന്നയാൾ, തന്റെ ഭർത്താവ് അപകടത്തിൽ മരിച്ചതിനെ തുടർന്ന് അപേക്ഷിച്ചിട്ട് നാളിതുവരെയായി ധനസഹായം ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാമ്പത്തികമായി വളരെയധികം കഷ്ടപ്പെടുന്ന പ്രസ്തുത കുടുംബത്തിന് എത്രയും വേഗം പ്രസ്തുത ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായുള്ള ശ്രീമതി സനിതമോൾ, വെളുത്തേടത്ത്, അരൂർ, ചേർത്തല എന്നയാളുടെ അപേക്ഷയിൻമേൽ ആലപ്പുഴ ജില്ലാ കളക്ടറുടെ 11/03/2015 ലെ കെഡിസ് 12708/15/എൻ6 നമ്പർ റിപ്പോർട്ട് പ്രകാരം ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി- ആലപ്പുഴ ജില്ല - ധന സഹായം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്

**ജി.ഒ.(ആർ.റ്റി) നമ്പർ. 1438/15/റവ** **തിരുവനന്തപുരം, തീയതി: 20/03/2015**

പരാമർശം ആലപ്പുഴ ജില്ലാ കളക്ടറുടെ 03/2015 ലെ എൻ6-12708/15 നമ്പർ കത്ത്

<u>ഉത്തരവ്</u>

ആലപ്പുഴ, ചേർത്തല, അരൂർ പി.ഒ, വെളുത്തേടത്ത് വീട്ടിൽ ശ്രീമതി സനിതയ്ക്ക് ഭർത്താവിന്റെ അപകടമരണത്തിന് ആശ്വാസ ധനസഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും **1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം)** ധന സഹായം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായി വരുന്ന **1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം)** 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തുക ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകേണ്ടതും ജില്ലാ കളക്ടർ പ്രസ്തുത തുക അപേക്ഷകന് രണ്ടാഴ്ചയ്ക്കകം നൽകി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

സന്തോഷ് കുമാർ ടി.കെ.
അണ്ടർ സെക്രട്ടറി

ജില്ലാ കളക്ടർ, ആലപ്പുഴ
ധനകാര്യ വകുപ്പ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ